# അവതാരിക

# അദ്ധ്യായം I
# അവതാരിക

## 1.1. ഈ റിപ്പോർട്ടിനെക്കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എജി) ഈ റിപ്പോർട്ട്, സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റിൽ നിന്നും ഉയർന്നു വന്ന കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, ഉത്തരവാദപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനുവേണ്ടി ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റ് പരാമർശിക്കുന്നത്.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട വസ്തുതകൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്തുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിയിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം, ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം തെരഞ്ഞെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിലുണ്ടായ ശ്രദ്ധേയമായ പോരായ്മകളുടെയും നേട്ടങ്ങളുടെയും സംഗ്രഹം, അനുവർത്തന ഓഡിറ്റ് നടത്തിയപ്പോൾ ഉണ്ടായ സുപ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ, മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നു.

## 1.2. ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് 2018-19-ൽ സെക്രട്ടറിയേറ്റ് തലത്തിൽ 43 വകുപ്പുകളുണ്ടായിരുന്നു. അതിൽ 27 വകുപ്പുകളുടെയും അതിനുകീഴിലുള്ള എല്ലാ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും ഓഡിറ്റ്, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള (പിഎജി (ഓഡിറ്റ്-I)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ ഡയറക്ടർമാരും, കമ്മീഷണർമാരും സഹഉദ്യോഗസ്ഥരുമുണ്ട്. 16 വകുപ്പുകളുടെ ഓഡിറ്റ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള (പിഎജി (ഓഡിറ്റ്-II)) നടത്തുന്നു.

2018-19 കാലയളവിലും അതിനുമുമ്പുള്ള രണ്ടു വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യവിവരണം **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു:

**പട്ടിക 1.1: ചെലവിന്റെ താരതമ്യപഠനം**

*(₹ കോടിയിൽ)*

| ചെലവുകൾ | 2016-17 | | | 2017-18 | | | 2018-19 | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ |
| **റവന്യൂ ചെലവുകൾ** | | | | | | | | | |
| പൊതു സേവനങ്ങൾ | 181.39 | 41013.94 | 41195.33 | 418.30 | 45105.47 | 45523.77 | 943.59 | 49883.54 | 50827.13 |
| സാമൂഹിക സേവനങ്ങൾ | 9773.34 | 23991.38 | 33764.72 | 12425.84 | 23450.43 | 35876.27 | 9050.60 | 29160.17 | 38210.77 |
| സാമ്പത്തിക സേവനങ്ങൾ | 3537.62 | 7117.73 | 10655.35 | 3337.60 | 8013.48 | 11351.08 | 3896.37 | 8483.40 | 12379.77 |
| ധനസഹായങ്ങളും സംഭാവനകളും | | 5480.91 | 5480.91 | | 7197.23 | 7197.23 | | 8898.72 | 8898.72 |
| **ആകെ** | **13492.35** | **77603.96** | **91096.31** | **16181.74** | **83766.61** | **99948.35** | **13890.56** | **96425.83** | **110316.39** |
| **മൂലധന ചെലവുകൾ** | | | | | | | | | |
| മൂലധന അടങ്കൽ | 8945.65 | 1180.30 | 10125.95 | 7993.68 | 755.19 | 8748.87 | 6778.54 | 652.00 | 7430.54 |
| കടവും മുൻകൂറും നൽകിയത് | 375.25 | 785.04 | 1160.29 | 1380.82 | 159.77 | 1540.59 | 1328.85 | 994.04 | 2322.89 |
| പൊതുകടം തിരിച്ചടച്ചത് | | | 7706.01 | | | 13132.10 | | | 18195.99 |
| ആകസ്മിക നിധി | | | 0.00 | | | 0.00 | | | 0.00 |
| പൊതുകണക്കിൽ നിന്നുള്ള കൊടുക്കലുകൾ | | | 179910.43 | | | 207174.17 | | | 242890.37 |
| **ആകെ** | | | **198902.68** | | | **230595.73** | | | **270839.79** |
| **മൊത്തം** | | | **289998.99** | | | **330544.08** | | | **381156.18** |

## 1.3. ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

സി ആന്റ് എജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 149 ഉം 151 ഉം അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം (സി ആന്റ് എജിയുടെ (ഡിപിസി) നിയമം) അനുസരിച്ചുമാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് എജി നടത്തുന്നത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 13-ാം വകുപ്പു പ്രകാരമാണ്. ജനറൽ ആന്റ് സോഷ്യൽ സെക്ടറിന്റെ കീഴിലുള്ള 24 സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സി ആന്റ് എജിയിൽ നിക്ഷിപ്തമായിരിക്കുന്നു. സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 19, 20(1) വകുപ്പുകൾ പ്രകാരമാണ് ഓഡിറ്റ് നടത്തുന്നത്. ഇതോടൊപ്പം സർക്കാർ ഗണ്യമായി സാമ്പത്തിക സഹായം നൽകുന്ന 244 സ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഡിറ്റ് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 14-ഉം 15-ഉം വകുപ്പുകൾ പ്രകാരം നടത്തുന്നു. ഇതുകൂടാതെ 1,158 വിദ്യാഭ്യാസ സ്ഥാപനങ്ങൾ[1], 30 പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ഡിവിഷൻ, 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[2] എന്നിവയും ജനറൽ ആന്റ് സോഷ്യൽ സെക്ടറിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നവയാണ്. വിവിധ ഓഡിറ്റുകളുടെ തത്ത്വങ്ങളും രീതികളും സി ആന്റ് എജി പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ദി റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സിലും നിഷ്കർഷിച്ചിരിക്കുന്നു.

[1] സർക്കാർ-എയ്ഡഡ് കോളേജുകൾ: 184;
സർക്കാർ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ: 846
സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128

[2] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ലോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പൽ കോർപ്പറേഷനുകൾ: 6, മുനിസിപ്പാലിറ്റികൾ: 87

## 1.4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I) ന്റെ ഓഫീസിന്റെ ഘടന

സംസ്ഥാനമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന ജനറൽ, സോഷ്യൽ എന്നീ സെക്ടറുകളുടെ കീഴിലുള്ള സർക്കാർ വകുപ്പുകൾ, ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് സി ആന്റ് എജിയുടെ നിർദ്ദേശാനുസരണം കേരളത്തിലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I) നടത്തുന്നു. പിഎജി (ഓഡിറ്റ്-I) നെ സഹായിക്കുന്നതിനായി നാല് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ/ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽമാരും നിലവിലുണ്ട്.

## 1.5. ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

വകുപ്പുകൾ നേരിട്ട ചെലവ്, പ്രവർത്തനങ്ങളുടെ സങ്കീർണ്ണത/നിർണ്ണായകാവസ്ഥ, സാമ്പത്തിക അധികാരങ്ങൾ വിവിധ തലങ്ങളിൽ ഏൽപിച്ചുകൊടുത്തത്, മൊത്തത്തിലുള്ള ആഭ്യന്തര നിയന്ത്രണത്തെക്കുറിച്ചുള്ള വിലയിരുത്തൽ, തൽപരകക്ഷികളുടെ ആശങ്കകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ നേരിടുന്ന റിസ്കുകൾ വിലയിരുത്തിയാണ് ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നത്. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. മേൽവിവരിച്ച റിസ്ക് അസെസ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവർത്തിയും ദൈർഘ്യവും തീരുമാനിക്കുന്നു.

ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസുകളുടെയും വകുപ്പുകളുടെയും തലവൻമാർക്ക് നൽകുന്നു. വകുപ്പുകൾ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ നിയമം അനുസരിക്കുന്നതിന് തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ സി ആന്റ് എജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

2018-19 കാലയളവിൽ, പിഎജി (ഓഡിറ്റ്-I)യുടെ കീഴിൽ വരുന്ന വിവിധ വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ 2,025 യൂണിറ്റുകളിൽ ഓഡിറ്റ് നടത്തിയതിന് (പ്രവർത്തനക്ഷമതാ, അനുവർത്തന, സാമ്പത്തിക ഓഡിറ്റുകൾ) 11,678 പാർട്ടി ദിവസങ്ങൾ ഉപയോഗപ്പെടുത്തി. അപകടസാദ്ധ്യതാ വിലയിരുത്തൽ പ്രകാരം പ്രബലമായ നഷ്ടം സംഭവിക്കുന്നതിന് സാദ്ധ്യതയുള്ള യൂണിറ്റുകളും/ സ്ഥാപനങ്ങളും ഓഡിറ്റിന്റെ ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

## 1.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയും സംക്രമണവും, ധനകാര്യവും, ഉത്തരവാദിത്വ ചട്ടക്കൂടും

### 1.6.1. ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ (ത.സ്വ.ഭ) സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തെരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് ത.സ്വ.ഭ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും (കെപിആർ നിയമം) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും (കെഎം നിയമം) പാസാക്കി. ഇതിന്റെ തുടർച്ചയായി ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണത്തിനുള്ള സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന്

സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും സർക്കാർ ത.സ്വ.ഭ സ്ഥാപനങ്ങളെ ഏൽപിച്ചു.

### 1.6.2. ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് കെപിആർ നിയമവും, കെഎം നിയമവും വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പിആർഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു (**അനുബന്ധം 1.1**). കെപിആർ നിയമം അധികാരപ്പെടുത്തിയതനുസരിച്ച്, ഇതിലെ 26 ചുമതലകൾ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി (1995 സെപ്റ്റംബർ). സർക്കാർതലത്തിൽ നിയമ നിർമ്മാണം നടത്തേണ്ടതിനാൽ ചെറുകിട വന ഉൽപ്പന്നങ്ങൾ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഇനിയും പിആർഐകൾക്ക് കൈമാറാനുണ്ട്. അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (യുഎൽബികൾ) സംബന്ധിക്കുന്ന 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. കെഎം നിയമം അധികാരപ്പെടുത്തിയതനുസരിച്ച് 17 ചുമതലകൾ സർക്കാർ യുഎൽബികൾക്ക് കൈമാറിയിട്ടുണ്ട് (1995 ഒക്ടോബർ). അഗ്നിശമന സേവനങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ ഇനിയും കൈമാറാനുണ്ട്. ഭരണഘടനയും സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപന നിയമങ്ങളും നൽകിയ ചുമതലകൾക്ക് പുറമെ, ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നിവ നൽകുന്ന ഫണ്ട് ഉപയോഗിച്ച് ത.സ്വ.ഭ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കാറുണ്ട്.

### 1.6.3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖയും സംഘടനാരൂപവും

2019 ഡിസംബറിൽ സംസ്ഥാനത്ത് 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. (14 ജില്ലാ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 941 ഗ്രാമപഞ്ചായത്തുകൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ). സംസ്ഥാനത്തെ ത്രിതല[3] പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റു തലത്തിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനമേഖലയിൽ സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും നൽകുന്നുണ്ടെങ്കിലും, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതുമാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ആണ് യഥാക്രമം ത്രിതല പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ഭരണത്തലവൻ. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പിആർഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തെരഞ്ഞെടുക്കുന്നത്. അതുപോലെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിലെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/മേയർ, വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തെരഞ്ഞെടുക്കുന്നത്.

---

[3] ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്

### 1.6.4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക രൂപരേഖ

#### *1.6.4.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഫണ്ടിന്റെ വരവ്*

തദ്ദേശ സ്വയംഭരണ (ത.സ്വ.ഭ) സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി-നികുതിയേതര വരുമാനം ഉൾപ്പെടെ തനതു വരവ്, സംസ്ഥാന സർക്കാർ കൈമാറ്റം ചെയ്ത ഫണ്ടുകൾ, കേന്ദ്ര സർക്കാർ ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു. 2018-19-ൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമായ മൊത്തം ഫണ്ടിൽ, സംസ്ഥാന ധനസഹായം 66 ശതമാനവും, കേന്ദ്ര സർക്കാർ ധനസഹായം 25 ശതമാനവും, വായ്പകൾ ഉൾപ്പെടെയുള്ള തനതു വരുമാനം ഒൻപതു ശതമാനവും ആയിരുന്നു.

#### *1.6.4.2. വിഭവങ്ങൾ: പ്രവണതകളും ഘടനയും*

2016-17 മുതൽ 2018-19 വരെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്രോതസ്സ് തിരിച്ചുള്ള വിഭവ ഘടന **പട്ടിക 1.2**-ൽ കൊടുത്തിരിക്കുന്നു:

**പട്ടിക 1.2: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2016-17 | 2017-18 | 2018-19 | മൊത്തം |
|---|---|---|---|---|
| **തനതു വരവ്** | | | | |
| (i) നികുതി വരുമാനം | 1046.53 | 1356.47 | 1382.87 | 3785.87 |
| (ii) നികുതിയേതര വരുമാനം | 306.02 | 300.44 | 288.90 | 895.36 |
| **ആകെ തനതു വരുമാനം** | **1352.55** | **1656.91** | **1671.77** | **4681.23** |
| **സംസ്ഥാന ഫണ്ട്** | | | | |
| (i) പരമ്പരാഗതമായ ചുമതലകൾ | 1241.65 | 1364.67 | 2674.67 | 5280.99 |
| (ii) പരിപാലനത്തിനുള്ള ചെലവ് (റോഡ് ആസ്തികളും റോഡിതര ആസ്തികളും) | 1937.79 | 2265.33 | 2347.07 | 6550.19 |
| (iii)വികസന ഫണ്ട് | 4017.58 | 4870.18 | 5324.01 | 14211.77 |
| (iv) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകളും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതവും | 5767.44 | 6227.55 | 4059.26 | 16054.25 |
| **ആകെ സംസ്ഥാന ഫണ്ടുകൾ** | **12964.46** | **14727.73** | **14405.01** | **42097.20** |
| **കേന്ദ്ര സർക്കാർ ധനസഹായം** | | | | |
| (i) കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2235.46 | 2632.10 | 3612.01 | 8479.57 |
| (ii) വികസനവും പുരോഗതിയും | 1717.13 | 1793.92 | 1739.56 | 5250.61 |
| **ആകെ കേന്ദ്ര സർക്കാർ സഹായം** | **3952.59** | **4426.02** | **5351.57** | **13730.18** |
| വായ്പകൾ, മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വരുമാനം: വായ്പകൾ | 24.58 | 24.78 | 249.85 | 299.21 |
| **ആകെ വരുമാനം** | **18294.18** | **20835.44** | **21678.20** | **60807.82** |

*(അവലംബം: ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ തനതു വരുമാനത്തിന്റെ വിശദാംശങ്ങൾ, സംസ്ഥാനത്തെ അതാതു വർഷത്തെ സാമ്പത്തിക കണക്കുകൾ, ഗ്രാമവികസന കമ്മീഷണർ, കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ.)*

- 2016-17 മുതൽ 2018-19 വരെയുള്ള മൂന്നുവർഷക്കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വരുമാനത്തിലുണ്ടായ വർദ്ധനവ് 19 ശതമാനമായിരുന്നു. ഈ കാലയളവിലെ ആകെ വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനതു വരുമാനങ്ങളുടെ ശതമാന വിഹിതം യഥാക്രമം 69, 23, എട്ട് ആയിരുന്നു.

- ആകെ വരവിൽ, കേന്ദ്ര സർക്കാർ ധന സഹായത്തിന്റെ വിഹിതം 2016-17 ലെ 22 ശതമാനത്തിൽ നിന്നും 2018-19-ൽ 25 ശതമാനമായി വർദ്ധിച്ചു.

- ആകെ വരവിൽ സംസ്ഥാന സർക്കാർ ധനസഹായത്തിന്റെ വിഹിതം 2016-17 ലെ 71 ശതമാനത്തിൽ നിന്നും 2018-19-ൽ 66 ശതമാനമായി കുറഞ്ഞു.

- 2018-19-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനം മുൻവർഷത്തെക്കാളും രണ്ടു ശതമാനം വർദ്ധിച്ചപ്പോൾ നികുതിയേതര വരുമാനം മുൻവർഷത്തെക്കാളും നാല് ശതമാനം കുറഞ്ഞു.

### *1.6.4.3. സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നത്*

സഞ്ചിത നിധിയിൽ നിന്നും ഗ്രാന്റുകൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എന്നിങ്ങനെ മൂന്ന് തരത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സംസ്ഥാന സർക്കാർ ഫണ്ട് നൽകുന്നത്. സഞ്ചിതനിധിയിൽ നിന്നും 2018-19-ൽ പണം പിൻവലിച്ചതിന്റെയും അനുവദിച്ചതിന്റെയും വിവരങ്ങൾ വിശദമായ ബജറ്റ് എസ്റ്റിമേറ്റിലെ അക്കൗണ്ട് ശീർഷകാടിസ്ഥാനത്തിൽ **പട്ടിക 1.3**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.3: ഫണ്ടിന്റെ തരംതിരിവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും**

| ക്രമ നമ്പർ | ഇനം | ബജറ്റ് വിഹിതം നൽകിയിരിക്കുന്ന പ്രധാന അക്കൗണ്ട് ശീർഷകം | 2018-19-ൽ അനുവദിച്ച തുക (₹ കോടിയിൽ) | അനുവദിച്ച രീതി |
|---|---|---|---|---|
| 1 | ഗ്രാന്റുകൾ[4], പതിനാലാം ധനകാര്യ കമ്മീഷൻ ധനസഹായം | 3604-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള വിഹിതവും നഷ്ടപരിഹാരവും | 10441.40 | അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാന്റുകളും സഞ്ചിതനിധിയിൽ നിന്ന് നേരിട്ടാണ് പിൻവലിച്ചത് |
| | | 3054-റോഡുകളും പാലങ്ങളും | 1643.90 | |
| **ആകെ** | | | **12085.30** | |
| 2 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 12 മുഖ്യശീർഷകങ്ങൾ | 3430.41[5] | സംസ്ഥാനതല നോഡൽ ഏജൻസികൾ[6] മുഖേന |
| 3 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം | 3 മുഖ്യശീർഷകങ്ങൾ[7] | 628.85 | |
| **ഒട്ടാകെ** | | | **16144.56** | |

*(അവലംബം: സർക്കാർ ഉത്തരവുകൾ, വൗച്ചർ ലവൽ കംപൈലേഷൻ സംഖ്യകൾ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നിവടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ.)*

2017-18-ൽ സംസ്ഥാന സർക്കാർ ₹16,521.66 കോടി അനുവദിച്ചപ്പോൾ ഇതിൽ നിന്നും രണ്ട് ശതമാനം കുറഞ്ഞ തുകയായ ₹16,144.56 കോടിയാണ് 2018-19-ൽ അനുവദിച്ചത്.

### *1.6.4.4. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായുള്ള ഫണ്ട്*

2018-19-ൽ കേന്ദ്ര സർക്കാർ 12 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ₹3,612.01[8] കോടിയുടെ ഗ്രാന്റ്, ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് നൽകി. ഈ ഗ്രാന്റുകൾ സംസ്ഥാന ബജറ്റ്/സംസ്ഥാനതല നോഡൽ ഏജൻസികൾ

---

[4] പൊതു ഉദ്ദേശ ഫണ്ട്, പരിപാലന ഫണ്ട് (റോഡിതരം), വികസന ഫണ്ട്. (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ കീഴിലുള്ള സ്പിൽഓവർ പദ്ധതികൾക്കുള്ള അധിക വിഹിതം ഉൾപ്പെടെ).

[5] നെറ്റ് ബജറ്റ് തുക

[6] കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണർ (സിആർഡി).

[7] നഗരവികസനം, ഗ്രാമവികസനത്തിനുള്ള പ്രത്യേക പരിപാടികൾ, മറ്റ് ഗ്രാമീണ വികസന പരിപാടികൾ.

[8] സംസ്ഥാന ബജറ്റ് (₹509.40 കോടി)/സംസ്ഥാനതല നോഡൽ ഏജൻസികൾ (₹617.52 കോടി)/ദാരിദ്ര്യ നിർമ്മാർജന യൂണിറ്റുകൾ (₹141.76 കോടി)/ഓൺലൈൻ ട്രാൻസ്ഫർ (₹2,343.33 കോടി)

(എസ്എൽഎൻഎകൾ)/ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ (പിഎയുകൾ) ഓൺലൈൻ ട്രാൻസ്ഫർ തുടങ്ങിയവയിലൂടെയാണ് നൽകിയത്.

₹3,612.01 കോടിയുടെ കേന്ദ്ര സർക്കാർ ഗ്രാന്റുകൾ കൂടാതെ സംസ്ഥാന സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കലിനായി ₹628.85 കോടിയും നൽകിയിട്ടുണ്ട്. അങ്ങനെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാനുള്ള മൊത്തം ഫണ്ട് 2017-18-ൽ ₹3,117.67 കോടിയായിരുന്നത് 2018-19-ൽ ₹4,240.86 കോടിയായി വർദ്ധിപ്പിച്ചു.

### *1.6.4.5. വിഭവങ്ങളുടെ വിനിയോഗം: പ്രവണതകളും ഘടനയും*

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും മറ്റു ചെലവുകളും[9] ഉൾപ്പെടുന്നു. 2018-19 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം ചെലവ് ₹11,370.52 കോടി ആയിരുന്നു.

മേൽപ്പറഞ്ഞ ഘടകങ്ങളിൽ 2018-19-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വിഭവങ്ങളുടെ വിനിയോഗം **പട്ടിക 1.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.4: വിഭവങ്ങളുടെ വിനിയോഗം**

| വിഭാഗം | വിനിയോഗം *(₹ കോടിയിൽ)* |
|---|---|
| ഉത്പാദന മേഖല | 1029.78 |
| അടിസ്ഥാന സൗകര്യ മേഖല | 3141.18 |
| സേവന മേഖല | 5843.66 |
| **ആകെ വികസന ചെലവ്** | **10014.62** |
| മറ്റു ചെലവുകൾ | 1355.90 |
| **മൊത്തം ചെലവ്** | **11370.52** |
| മൊത്തം ചെലവിൽ വികസന ചെലവിന്റെ ശതമാനം | 88 |

*(അവലംബം: ഐകെഎം നൽകിയ വിവരങ്ങൾ)*

- 2018-19-ൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നും ലഭിച്ച മൊത്തം വികസന ചെലവായ ₹10,014.62 കോടിയിൽ ₹5,843.66 കോടി, അതായത് 58 ശതമാനം, സേവന മേഖലയിലെ പദ്ധതികൾക്കായാണ് വിനിയോഗിച്ചത്.

- മൊത്തം വികസന ചെലവായ ₹10,014.62 കോടിയിൽ വെറും ₹1,029.78 കോടി മാത്രമാണ് (10 ശതമാനം) ഉത്പാദന മേഖലയിൽ ചെലവഴിച്ചിരിക്കുന്നത്. ഇത് ഉത്പാദന മേഖലയിലെ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയിലുൾപ്പെട്ട പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞ പരിഗണനയാണ് നൽകിയത് എന്ന് സൂചിപ്പിക്കുന്നു.

### *1.6.4.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം*

വികേന്ദ്രീകൃതാസൂത്രണത്തിനു കീഴിൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2018-19 കാലയളവിൽ ₹19,614.74 കോടി വകയിരുത്തി 2,63,007 പദ്ധതികൾ രൂപീകരിച്ചു. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1,81,423 പദ്ധതികൾ (69 ശതമാനം) നിർവ്വഹണത്തിനായി ഏറ്റെടുക്കുകയും ഇതിലേയ്ക്കായി ₹10,014.62 കോടി ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ ഏറ്റെടുത്ത പദ്ധതികളിൽ 1,53,874 പദ്ധതികൾ (85 ശതമാനം) ₹6,770.08 കോടി ചെലവിൽ, 2018-19-ൽ പൂർത്തീകരിക്കുകയും ചെയ്തു. വിശദവിവരങ്ങൾ **പട്ടിക 1.5**-ൽ കൊടുത്തിരിക്കുന്നു.

---

[9] ശമ്പളം, ഓണറേറിയം, കണ്ടിജൻസി ചെലവ്, മറ്റു ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ.

**പട്ടിക 1.5: ഏറ്റെടുത്ത പദ്ധതികളുടെയും വരുത്തിയ ചെലവിന്റെയും വിവരങ്ങൾ**

| ത.സ്വ.ഭ സ്ഥാപനത്തിന്റെ ഇനം | പദ്ധതികളുടെ എണ്ണം | | | തുക (₹ കോടിയിൽ) | | | പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ അടങ്കൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് | |
| ഗ്രാമപഞ്ചായത്ത് | 194142 | 137526 | 118586 | 11959.58 | 6261.91 | 3924.11 | 52.36 |
| ബ്ലോക്ക് പഞ്ചായത്ത് | 16496 | 12794 | 10345 | 1448.24 | 892.96 | 726.33 | 61.66 |
| ജില്ലാ പഞ്ചായത്ത് | 13670 | 7309 | 5539 | 2322.72 | 1167.04 | 878.81 | 50.24 |
| മുനിസിപ്പാലിറ്റി | 30802 | 19382 | 16147 | 2448.17 | 1036.54 | 808.96 | 42.34 |
| മുനിസിപ്പൽ കോർപ്പറേഷൻ | 7897 | 4412 | 3257 | 1436.03 | 656.17 | 431.87 | 45.69 |
| **ആകെ** | **263007** | **181423** | **153874** | **19614.74** | **10014.62** | **6770.08** | **51.06** |

*(അവലംബം: ഐകെഎം നൽകിയ വിവരങ്ങൾ)*

രൂപീകരിച്ച പദ്ധതികൾക്കായി വകയിരുത്തിയ മൊത്തം തുകയുടെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം 51 ശതമാനം മാത്രമാണ്. പദ്ധതികളുടെ നിർവ്വഹണത്തിലെ കുറവ് പ്രധാനമായും മുനിസിപ്പാലിറ്റികളിലും തുടർന്ന് കോർപ്പറേഷനുകളിലുമായിരുന്നു ശ്രദ്ധയിൽപ്പെട്ടത്.

## 1.7. ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

### 1.7.1. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് (ഐആർ) അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2010-ലും 2017-ലും പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും/ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. ഐആർ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും ഐആറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കേണ്ടതും പോരായ്മകളും വീഴ്ചകളും അവയുടെ അനുവർത്തനവും സത്വരമായി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്. തീർപ്പാകാതെ അവശേഷിക്കുന്ന ഐ.ആറുകളെ കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി അതാത് വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കാറുണ്ട്.

2019 ജൂൺ 30 വരെ തെരഞ്ഞെടുപ്പ്, ആഭ്യന്തരം, വിവര പൊതുജന സമ്പർക്കം, ജലവിഭവം (കേരള വാട്ടർ അതോറിറ്റി ഒഴികെ) എന്നീ വകുപ്പുകളിലായി 542 ഐആറുകൾ (2,985 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നു. 2018-19 വരെ നൽകിയിട്ടുള്ള 19 ഐആറുകളിൽ ഉൾപ്പെട്ട 129 ഖണ്ഡികകൾക്ക് മേൽപ്പറഞ്ഞ വകുപ്പുകളിൽ നിന്നും ആദ്യ മറുപടി പോലും ലഭിച്ചിട്ടില്ല. തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1.3**-ൽ വിവരിച്ചിരിക്കുന്നു.

### 1.7.2. ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

ആറാഴ്ചകൾക്കകം പ്രതികരണം അറിയിക്കുന്നതിനായി 2018 ആഗസ്റ്റിനും 2020 ജൂണിനുമിടയിൽ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും അയച്ചുകൊടുത്തിരുന്നു. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച 10-ൽ എട്ട് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കും സർക്കാരിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1.7.3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2010-ലും 2017-ലും പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളുടെ മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ച ശേഷം രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടറിയേറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയക്കേണ്ടതാണ്. ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2014-15 മുതൽ 2017-18 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 16 ഖണ്ഡികകൾക്കുമേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത 12 വകുപ്പുകളുടെ 2020 ആഗസ്റ്റ് വരെയുള്ള വിശദവിവരം **അനുബന്ധം 1.4**-ൽ കൊടുത്തിരിക്കുന്നു.

### 1.7.4. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുള്ള ഖണ്ഡികകൾ

2020 ആഗസ്റ്റ് വരെ 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ 19 വകുപ്പുകളുടെ 38 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുണ്ട് (**അനുബന്ധം 1.5**).